# പതിനാലാം കേരള നിയമസഭ
# (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:4781** **19.05.2017-ൽ മറുപടിയ്ക്ക്**

## നീല വിപ്ലവ പദ്ധതി

| ചോദ്യം<br>ശ്രീ.പി. ഉണ്ണി | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) കേന്ദ്രപദ്ധതിയായ നീല വിപ്ലവ (ബ്ലൂ റവല്യൂഷൻ) പദ്ധതിയിൽ ഏതെല്ലാം പ്രോജക്ടുകളാണ് ഉൾപ്പെടുത്തപ്പെട്ടിരിക്കുന്നത്; | (എ) 2016-ലെ കേന്ദ്ര സർക്കാരിന്റെ ഗൈഡ്ലൈൻസ് പ്രകാരം കേന്ദ്ര പദ്ധതിയായ നീലവിപ്ലവ പദ്ധതിയിൽ താഴെപറയുന്ന ഘടകങ്ങളിൽ ഉൾപ്പെടുന്ന പ്രോജക്ടുകളാണ് ഉൾപ്പെടുത്തപ്പെട്ടിരിക്കുന്നത് .<br><br>1. ഡവലപ്മെന്റ് ഓഫ് മറൈൻ ഫിഷറീസ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് പോസ്റ്റ് ഹാർവെസ്റ്റ് ഓപ്പറേഷൻസ്<br>2. നാഷണൽ സ്കീം ഓഫ് വെൽഫയർ ഓഫ് ഫിഷർമെൻ<br>3. ഡവലപ്മെന്റ് ഓഫ് ഇൻലാന്റ് ഫിഷറീസ് ആന്റ് അക്വാകൾച്ചർ.<br>4. നാഷണൽ ഫിഷറീസ് ഡവലപ്മെന്റ് ബോർഡ് ആന്റ് ഇറ്റ്സ് ആക്റ്റിവിറ്റീസ്<br>5. മോണിറ്ററിംഗ്, കൺട്രോൾ ആന്റ് സർവൈലൻസ് ആന്റ് അതർ നീഡ് ബേയ്സഡ് ഇന്റർവെൻഷൻസ്.<br>6. സ്ട്രെൻഗ്തനിംഗ് ഓഫ് ഡാറ്റാബേസ് ആന്റ് ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം ഓഫ് ദി ഫിഷറീസ് സെക്ടർ.<br>7. അസിസ്റ്റൻസ് ടു ഫിഷറീസ് ഇൻസ്റ്റിറ്റ്യൂറ്റ്സ്. |
| ബി) ഇതിന്റെ ഭാഗമായി പാലക്കാട് ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ; | ബി) 2017-18 സാമ്പത്തിക വർഷം നീലവിപ്ലവം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിന് സമർപ്പിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു. അംഗീകാരം കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന മുറയ്ക്ക് പദ്ധതികൾ നടപ്പിലാക്കാൻ കഴിയുന്നതാണ്. ടി പദ്ധതിയിൽ പാലക്കാട് ജില്ലയും ഉൾപ്പെടുന്നുണ്ട്.<br><br>1. റിസർക്കുലേറ്ററി അക്വാ കൾച്ചർ സിസ്റ്റം<br><br>[ഒരു കുടുംബത്തിനാവശ്യമായ മത്സ്യം വീട്ടിൽ തന്നെ ഉല്പാദിപ്പിക്കുന്നതിന് പുന:പര്യയന (RAS) സംവിധാനത്തിലുള്ള മത്സ്യകൃഷിയാണിത്.] |

2. റിസർവോയറുകളിലെ കൂടുകൃഷി
മലമ്പുഴ റിസർവോയറിൽ ലക്ഷ്യമിടുന്നു
3. കുളങ്ങളുടെ നവീകരണം
4. മത്സ്യകർഷക പരിശീലനം
5. ഭവനനിർമ്മാണം
6. സമ്പാദ്യ സമാശ്വാസ പദ്ധതി

സി) പ്രസ്തുത പദ്ധതി ഏതൊക്കെ ജില്ലകളിൽ നടപ്പിലാക്കിയെന്ന് വിശദമാക്കാമോ?

സി) 2016-17 സാമ്പത്തിക വർഷം നീലവിപ്ലവം പദ്ധതിയിലുൾപ്പെടുത്തി ഭവന നിർമ്മാണ പദ്ധതി തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ നടപ്പിലാക്കി വരുന്നു. ഡവലപ്മെന്റ് ഓഫ് ഇൻലാന്റ് ഫിഷറീസ് ആന്റ് അക്വാകൾച്ചർ എന്ന പദ്ധതി തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ നടപ്പിലാക്കി വരുന്നു. ടി പദ്ധതിയിലുൾപ്പെടുത്തി കൊല്ലം ജില്ലയിൽ കരിക്കോട് ഫിഷ്മാർക്കറ്റിന്റെ നിർമ്മാണം ആരംഭിച്ചു.

2017-18 സാമ്പത്തിക വർഷത്തെ നീലവിപ്ലവ പദ്ധതിയിലുൾപ്പെട്ട ഘടകങ്ങൾ സംസ്ഥാനത്തൊട്ടാകെ സാധ്യതയ്ക്ക് അനുസരിച്ച് നടപ്പിലാക്കുന്നതിനായി പ്രോജക്ട് പ്രൊപ്പോസൽ അംഗീകാരത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഭരണാനുമതി ലഭിച്ച് ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതാണ്.

**സെക്ഷൻ ആഫീസർ**